**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4461** | **28.06.2012 - ൽ മറുപടിക്ക്**

## ദേശീയ പാതാ വികസനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.ബെന്നി ബെഹനാൻ**<br>**ശ്രീ. എ.റ്റി.ജോർജ്**<br>**ശ്രീ. സി.പി.മുഹമ്മദ്** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ദേശീയ പാത വികസനത്തിന് എന്തെല്ലാം നടപടി ആരംഭിച്ചിട്ടുണ്ട് വിശദമാക്കാമോ ; | (എ) | കേരളത്തിലെ ദേശീയപാതകളായ എൻ.എച്ച്.47 ഉം 17 ഉം എൻ.എച്ച്. ഡി.പി. ഫെയ്സ് II & III -ൽ ഉൾപ്പെടുത്തി നാല്/ആറ് വരിപാത യായി ബി.ഒ.റ്റി.സ്കീമിൽപ്പെടുത്തി എൻ.എച്ച്.എ.ഐ. ആണ് വികസിപ്പിക്കുന്നത്. എൻ.എച്ച്.ആക്റ്റ് 1956 പ്രകാരമുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ മറ്റ് ദേശീയപാതകളായ എൻ.എച്ച്.49, 208, 212, 213, 220 എന്നിവ എൻ.എച്ച്.ഡി.പി. ഫെയ്സ് -IV -ൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ട് വരി പാതയായി പി.പി.പി. മോഡലിൽ ഡി.ബി.എഫ്.ഒ.റ്റി.സ്കീമിൽ വികസിപ്പി യ്ക്കാനുള്ള നടപടികളും പുരോഗതിയി ലാണ്. |

| | | | |
|---|---|---|---|
| (ബി) | പൊന്നും വിലയ്ക്ക് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി സംബന്ധിച്ച് വീണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | ടെൻഡർ നടപടികൾക്ക് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ ; | (സി) | ടെണ്ടർ നടപടികൾ എൻ.എച്ച്.എ.ഐ. മുഖാന്തിരമാണ് നടപ്പിലാക്കുന്നത് . ബി.ഒ.റ്റിയുടെ വ്യവസ്ഥ പ്രകാരം ആവശ്യമുള്ള സ്ഥലത്തിന്റെ 50% ബാധ്യതരഹിതമായി നൽകേണ്ടതുണ്ട്. ആയതിനാൽ ഇനി ടെണ്ടർ വിളിക്കുന്നതിനു മുമ്പായി എൻ.എച്ച്.എ.ഐ.യ്ക്ക് സ്ഥലമെടുപ്പ് പ്രക്രിയകൾ പൂർത്തിയാക്കേണ്ടതുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായ ഭാഗങ്ങളിൽ പണികൾ പുരോഗതിയിലാണ്. |
| (ഡി) | പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വിശദമാക്കുമോ ? | (ഡി) | സ്ഥലമേറ്റെടുക്കലും തുടർന്നുള്ള ടെണ്ടർ നടപടികളും പൂർത്തീകരിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി തന്നെ പണി തീർക്കുന്നതാണ്. |



സെക്ഷൻ ഓഫീസർ